# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: ജാഫർ മലിക് IAS)

തിരുവനന്തപുരം

ഉത്തരവ് നം.: D3-21991/17(1) തീയതി: 31.1.2019

വിഷയം: സാമൂഹ്യനീതി വകുപ്പ്- അംഗപരിമിതരുടെ വ്യക്തിഗത വിവര ശേഖരണം - വിവരശേഖരണ ഉദ്യോഗസ്ഥർക്കുള്ള പ്രതിഫലം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 9.10.2017 തീയതിയിലെ സ.ഉ(ആർ.റ്റി)നം.660/2017/സാ.നീ.വ നം. ഉത്തരവ്.

അംഗപരിമിതരുടെ വ്യക്തിഗത വിവരങ്ങൾ ശേഖരിക്കുന്നതിന് അനുമതി നൽകി പരാമർശം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയത് നടപ്പാക്കുന്നതിന്റെ ഭാഗമായി നിലവിൽ വനിതാ ശിശുവികസന വകുപ്പിനു കീഴിൽ സേവനമനുഷ്ഠിക്കുന്ന അങ്കണവാടി വർക്കർമാരെ വിവര ശേഖരണ ഉദ്യോഗസ്ഥരായി തീരുമാനിക്കുകയും പ്രസ്തുത പ്രോജക്ട് നടപ്പാക്കുന്നതിന്റെ ആദ്യ പടിയായി തിരഞ്ഞെടുക്കപ്പെട്ട മാസ്റ്റർ ട്രെയ്നർമാർക്ക് സംസ്ഥാനതലത്തിൽ നിശ്ചിത പ്രൊഫോർമ പ്രകാരം പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ടി മാസ്റ്റർ ട്രെയിനർമാർ ജില്ലാതലത്തിൽ വിവരശേഖരണ ഉദ്യോഗസ്ഥർക്കും നിരീക്ഷണ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുകയും ടി വിവരശേഖരണത്തിന്റെ നോഡൽ ഓഫീർമാരായി ജില്ലാ സാമൂഹ്യനീതി ഓഫീസിലെ സീനിയർ സൂപ്രണ്ടുമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. വിവര ശേഖരണ്തിനായുള്ള പ്രൊഫോർമകൾ പ്രിന്റ് ചെയ്ത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് വിതരണം ചെയ്ത് നൽകുകയും വിവര ശേഖരണ്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ഡയറക്ടറേറ്റ് തലത്തിൽ രൂപീകരിച്ച ഇൻസ്പെഷൻ ടീം ജില്ലകളിൽ സന്ദർശനം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഇൻസ്പെക്ഷനിൽ ശേഖരിച്ച വിവരങ്ങൾ അപൂർണ്ണവും ഉദ്ദേശലക്ഷ്യം പൂർത്തീകരിക്കാനുതകുന്നവയല്ലാത്തതായി കണ്ടെത്തിയ സാഹചര്യത്തിൽ ശേഖരിച്ച വിവരങ്ങൾ പുനഃപരിശോധിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനവും നിർദ്ദേശവും നൽകുകയും ഓരോ വിവരശേഖരണ പ്രൊഫോർമയും സൂക്ഷ്മ പരിശോധന ചെയ്യുന്നതിന് ICDS സൂപ്പർവൈസർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിവരശേഖരണത്തിനുള്ള പ്രൊഫോർമകൾ പ്രളയത്തിൽ നശിക്കുകയും അപര്യാപ്തമാണെന്ന് കണ്ടെത്തുകയും ചെയ്ത സാഹചര്യത്തിൽ ആവശ്യമായ പ്രൊഫോർമകൾ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

അപ്രകാരം പോരായ്മകളില്ലാതെ ശേഖരിച്ച വിവരങ്ങളുടെ കണക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസർമാരിൽ നിന്നും ശേഖരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. എല്ലാ ജില്ലകളിൽ നിന്നുമായി ആകെ 5,89,054 പ്രൊഫോർമകൾ പോരായ്മകളില്ലാതെ ശേഖരിച്ചിട്ടുണ്ട്.

പരാമർശം പ്രകാരം ലഭിച്ച ഭരണാനുമതിയിൽ ഒരു അംഗപരിമിതന്റെ വിവരം ശേഖരിക്കുന്നതിന് 50/- രൂപ വീതം വിനിയോഗിക്കുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ആയതിൽ 30/- രൂപ വീതം വ്യക്തിയുടെ ഭവനം സന്ദർശിച്ച് വിവരം ശേഖരിച്ച അങ്കണവാടി വർക്കർക്ക് നൽകുന്നതിനും 10/- രൂപ വീതം പ്രസ്തുത പ്രോഫോർമയുടെ നിജസ്ഥിതി സൂക്ഷ്മ പരിശോധന നടത്തി ആവശ്യമായ എല്ലാ വിവരങ്ങളും ഉണ്ടെന്നു

db@

ഉറപ്പുവരുത്തുന്നതിലേയ്ക്ക് സൂപ്പർവൈസർക്കും 10/- രൂപ വീതം Data Entry ആവശ്യങ്ങൾക്കുമായി വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ അംഗപരിമിതരുടെ വ്യക്തിഗത വിവരം ശേഖരിച്ച അങ്കണവാടി വർക്കർമാർക്കും വിവരങ്ങൾ സൂക്ഷ്മ പരിശോധന നടത്തിയ ICDS സൂപ്പർവൈസർമാർക്കും പ്രതിഫലം നൽകുന്നതിന് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുള്ള പട്ടിക പ്രകാരം ആകെ 2,35,62,160/- രൂപ അനുവദിച്ച് ഉത്തരവാകുന്നു. ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ തുക മാറി ഒരു ഡാറ്റ ശേഖരിക്കുന്നതിനായി നേരിട്ട് ഭവനം സന്ദർശിച്ച് വിവരം ശേഖരിച്ച് അങ്കണാടി വർക്കർക്ക് ഒരു ഡാറ്റയ്ക്ക് 30/- രൂപ നിരക്കിലും പ്രസ്തുത വിവരങ്ങൾ സൂക്ഷ്മ പരിശോധന നടത്തി വിവരശേഖരണം പൂർണ്ണമാണെന്ന സർട്ടിഫൈ ചെയ്തിട്ടുള്ള ICDS സൂപ്പർവൈസർമാർക്ക് 10/- രൂപ നിരക്കിലും ടി ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക മാറി നൽകേണ്ടതും ആയതിന്റെ ജില്ല തിരിച്ചിട്ടുള്ള ക്രോഡീകരിച്ച വിവരങ്ങൾ രണ്ടാഴ്ചയ്ക്കകം സമർപ്പിക്കേണ്ടതുമാണ്. ടി ആവശ്യത്തിലേയ്ക്കുള്ള ആകെ 2,35,62,160/- രൂപ (രണ്ട് കോടി മുപ്പത്തി അഞ്ച് ലക്ഷത്തി അറുപത്തി രണ്ടായിരത്തി ഒരുന്നൂറ്റി അമ്പത് രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷം 2235-60-200-83(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

പകർപ്പ്:

1. ഡയറക്ടർ, വനിതാ ശിശുവികസന വകുപ്പ്.
2. സൂപ്രണ്ട്, എ), പ്ലാനിംഗ്
3. സ്റ്റോക്ക് ഫയൽ/ സ്പെയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

db@

## അനുബന്ധം

## അംഗപരിമിതരുടെ വ്യക്തിഗത വിവരശേഖരണം

| ക്രമ നം. | ജില്ല | 2015 അംഗപരിമിത സെൻസസ് റിപ്പോർട്ട് പ്രകാരമുള്ള അംഗപരിമിതരുടെ എണ്ണം | വ്യക്തിഗത വിവരശേഖരണം പൂർത്തിയായവരുടെ എണ്ണം | വ്യക്തിഗതവിവര ശേഖരണം പൂർത്തിയാക്കാത്ത വരുടെ എണ്ണം (C-D) | ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക്അനുവദിക്കേണ്ട തുക- (D* Rs.40) |
|---|---|---|---|---|---|
| A | B | C | D | E | F |
| 1 | Thiruvananthapuram | 77164 | 48863 | 28301 | 1954520 |
| 2 | Kollam | 66519 | 52800 | 13719 | 2112000 |
| 3 | Pathanamthitta | 30447 | 23468 | 6979 | 938720 |
| 4 | Alappuzha | 51403 | 38484 | 12919 | 1539360 |
| 5 | Kottayam | 45781 | 40497 | 5284 | 1619880 |
| 6 | Idukki | 26226 | 15265 | 10961 | 610600 |
| 7 | Ernakulam | 74127 | 60264 | 13863 | 2410560 |
| 8 | Thrissur | 67133 | 39869 | 27264 | 1594760 |
| 9 | Palakkad | 62814 | 36396 | 26418 | 1455840 |
| 10 | Malappuram | 96447 | 87860 | 8587 | 3514400 |
| 11 | Kozhikode | 78548 | 46251 | 32297 | 1850040 |
| 12 | Wayanad | 23122 | 17648 | 5474 | 705920 |
| 13 | Kannur | 58535 | 56357 | 2178 | 2254280 |
| 14 | Kasargode | 35671 | 25032 | 10639 | 1001280 |
| ആകെ | | **793,937** | **589,054** | **204,883** | **23562160** |

(രണ്ട് കോടി മുപ്പത്തി അഞ്ച് ലക്ഷത്തി അറുപത്തി രണ്ടായിരത്തി ഒരുന്നൂറ്റി അറുപതു രൂപ മാത്രം)

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി